പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5623      27.03.2018-ലെ മറുപടിക്ക്

## ബാങ്ക് കൺസോർഷ്യം വഴി കെ.എസ്.ആർ.ടി.സി -ക്ക് വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ബാങ്ക് കൺസോർഷ്യം വഴി കെ.എസ്.ആർ.ടി.സി -ക്ക് വായ്പ ലഭ്യമാക്കുവാനുള്ള നടപടി ക്രമങ്ങളുടെ പുരോഗതി സംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ബാങ്ക് കൺസോർഷ്യം വഴിയുള്ള വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. SBI 1000 കോടിയും വിജയ ബാങ്കും കാനറ ബാങ്കും 500 കോടി രൂപ വീതവും അനുവദിച്ചിട്ടുള്ളതായി Sanction Letter തന്നിട്ടുണ്ട്. മറ്റു ധനകാര്യസ്ഥാപനങ്ങൾ തുക അനുവദിക്കുന്നതിന്റെ പ്രക്രിയകൾ അവസാനഘട്ടത്തിലാണ്. 2018 മാർച്ച് 31 നകം നടപടികൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി. ക്ക് വായ്പ ലഭ്യമാക്കുന്നതിനെതിരെ ബാങ്ക് കൺസോർഷ്യത്തിന് കത്ത് നൽകിയ വ്യക്തിയ്ക്കെതിരെ കേസ് എടുക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി അധികൃതർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെതിരെയാണ് പരാതി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി. ക്ക് വായ്പ ലഭ്യമാക്കുന്നതിനെതിരെയുള്ള പെറ്റീഷനുമായി ബന്ധപ്പെട്ട്, കാനറ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അയച്ച കത്തിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത പരാതിയ്ക്ക് പിന്നിൽ സ്ഥാപിത താല്പര്യക്കാർ ആണെന്ന് സംശയിക്കുന്നതായി കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ കത്തിൽ സൂചിപ്പിച്ചിരുന്നതിനാൽ ആയത് അന്വേഷിക്കുവാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ